# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 750 — 07-11-2016 ൽ മറുപടിയ്ക്ക്

### തുറമുഖങ്ങളിൽ വലിയ ചരക്കു കപ്പലുകൾ വരാനുള്ള സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. പി.ടി. തോമസ് :<br>ശ്രീ. വി.എസ്. ശിവകുമാർ :<br>ശ്രീ. കെ.എസ്. ശബരീനാഥൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തുറമുഖങ്ങളിൽ വലിയ ചരക്കു കപ്പലുകൾ വരാനുള്ള സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ , ബേസിൻ , വാർഫ് എന്നിവ ലഭ്യമാണ് . തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത് , 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്നതരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്.<br><br>നിലവിലുള്ള വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ , 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് . കൊല്ലം തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ , റീച്ച് സ്റ്റാക്കർ , 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ് , വെയിംഗ് മെഷീൻ , വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും, എം. ടി മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തി യിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വിടി.എം.എസ് തുടങ്ങിയ സൗകര്യങ്ങളും, എം.ടി കേരള, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾക്കുപുറമേ എം.ടി അഴീക്കൽ എന്ന ടഗ്ഗിന്റെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത് 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി ചിലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം ആരംഭിച്ചു. അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതിനായി തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

(ബി) തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്തെ ആഴം വർദ്ധിപ്പിക്കുന്നതി നായിരിക്കും ഈ ഡ്രഡ്ജർ ആദ്യം ഉപയോഗിക്കുന്നത് . കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ ഡ്രഡ്ജിംഗിനായുള്ള ടെൻഡർ നടപടികൾ കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്ന തിന്റെ ഭാഗമായി ഒരു മണ്ണുമാന്തി കപ്പൽ വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

കൊല്ലം, അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം എന്നിവിടങ്ങളിൽ മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള ഭരണാനുമതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ കൊല്ലം, ബേപ്പൂർ എന്നിവിടങ്ങളിൽ ഒന്നാം ഘട്ട ഡ്രഡ്ജിംഗ് പൂർത്തിയായി. മറ്റു തുറമുഖങ്ങളിൽ ഡ്രഡ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തുറമുഖങ്ങളിലെ ഡ്രഡ്ജിംഗ് നടത്തുന്നതിന് 200 ക്യൂബിക് മീറ്റർ പ്രതി മണിക്കൂർ ശേഷിയുള്ള ഡ്രഡ്ജർ നവംബർ പകുതിയോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എന്തെല്ലാം കേന്ദ്ര സഹായ ങ്ങളാണ് ഇതിനായി ലഭിക്കു ന്നത് ; വിശദമാക്കുമോ ?

(സി) ആലപ്പുഴ , അഴീക്കൽ തുറമുഖവികസനം സംബന്ധിച്ച പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റു തുറമുഖങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര സഹായം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**